## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.476 1/12/2015-ൽ മറുപടിക്ക്

### ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | വടശ്ശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിനു കീഴിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ എത്ര ഉപഭോക്താക്കളാണ് ഉള്ളതെന്നും ഇതിൽ ഗാർഹിക/ഗാർഹികേതര കണക്ഷനുകൾ എത്രയെന്നും വ്യക്തമാക്കുമോ; | (എ) |

| പഞ്ചായത്ത് | ഗാർഹികം | ഗാർഹികേതരം |
|---|---|---|
| റാന്നി - പെരുനാട് | 4381 | 1423 |
| വടശ്ശേരിക്കര | 3315 | 1900 |
| നാറാണംമൂഴി | 2810 | 212 |
| റാന്നി | 1955 | 58 |
| മലയാലപ്പുഴ | 1430 | 68 |
| മൈലപ്ര | 600 | 34 |
| പഴവങ്ങാടി | 280 | 48 |
| ആകെ | 14771 | 3743 |

| | | |
|---|---|---|
| (ബി) | ശബരിമല ഉൾപ്പെടെയുള്ള പ്രദേശങ്ങളും മലയോര മേഖലയും ചേർന്നു വരുന്ന പ്രസ്തുത വിശാല മേഖലയിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മാത്രമേ ഉള്ളൂ എന്നതിനാൽ പൊതു ജനങ്ങളും ജീവനക്കാരും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) | പ്രസ്തുത സാഹചര്യത്തിൽ വടശേരിക്കര ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് അത്തിക്കയമോ പെരുനാടോ കേന്ദ്രീകരിച്ച് പുതിയ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) വടശ്ശേരിക്കര സെക്ഷൻ ഓഫീസ് വിഭജിച്ച് റാന്നി പെരുനാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡ് പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**